161/oct/18

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം: ഡിബി7-2798/2018/സി.ഇ/തസ്വഭവ

തീയതി: 18/05/2018

# സർക്കുലർ

വിഷയം:- തസ്വഭവ - ഹരിത കേരളം മിഷൻ - ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- സർക്കുലർ നം. 233/ഡിസി1/2018/തസ്വഭവ തീയതി. 28.04.2018

സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മുൻക്കൂട്ടി ആസൂത്രണം ചെയ്യുന്നതിന്റെയും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുന്നതിന്റെയും ഭാഗമായി താഴെ പറയുന്ന നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗം നിർബന്ധമായും പാലിക്കേണ്ടതാണ്.

1) ആഫീസുകളിൽ നടത്തുന്ന മീറ്റിംഗുകളിൽ ഡിസ്പോസിബിൾ ഗ്ലാസുകൾ ഒഴിവാക്കി സ്റ്റീൽ ഗ്ലാസുകൾ ഉപയോഗിക്കേണ്ടതാണ്.
2) ജൈവ, അജൈവ മാലിന്യങ്ങളെ തരംതിരിക്കുന്നതിനായി bin-കൾ സ്ഥാപിക്കേണ്ടതാണ്.
3) ആഹാരം, കുടിവെള്ളം എന്നിവ ആവശ്യത്തിനുള്ള അളവിൽ മാത്രം, സ്റ്റീൽ പാത്രങ്ങളിൽ കൊണ്ടുവരുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
4) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
5) പേപ്പറിന്റെ ഉപയോഗം മിതപ്പെടുത്തേണ്ടതാണ്
6) റീസൈക്കിളിംഗിന്റെയും, വേസ്റ്റ് റിഡക്ഷന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണം നടത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 308